# സ്വാദറിഞ്ഞവൻ

**കെ.ജി. ശങ്കരപ്പിള്ള**



അരണമാംസം നാര് നാരോ
മുല പോലെ മാംസളമോ?
മാമ്പഴപ്പൂള് പോലെ മധുരമോ?
വഴുതിനങ്ങാ പോലെ വഴുതുന്നതോ?

ആശ്രമത്തിന്റെ കരീലമേൽക്കൂര
കിരുകിരുവാദ്യമാരുക്കി
അരണ നടക്കുമ്പൊഴൊക്കെ
തോന്നാറുള്ള സംശയം
മഹർഷി ചോദിച്ചു.

ചേര പറഞ്ഞു:
അരണമാംസം ഞാനത്ര
സൂക്ഷമമായി വായിച്ചിട്ടില്ല.
എന്നാലുമോർക്കാം.
ചുവന്ന ചുണ്ടുണ്ട്.
ചെറുചരണങ്ങളുണ്ട്
കളഞ്ഞു പോയത് തിരയുന്ന
സൗമ്യഗതിയുണ്ട്
ഏകാഗ്രതയുണ്ട്
ഓന്തിന്റെ തഞ്ചമില്ല
എലിയുടെ വക്രതയില്ല
വിഷമില്ല.

ഇര പലത്,
സ്വാദൊന്ന്,
അതാണെന്റെ അനുഭവം.
മാംസങ്ങളെ ഞാൻ വകതിരിക്കാറില്ല
പിടിച്ചുകഴിഞ്ഞാൽ
ഇരയേതായാലും
മാംസമേതും പെൺമാംസം.
മാംസത്തിന് മാംസത്തിന്റെ
കരയുന്ന മനസ്സുണ്ടോന്നേ
ഞാൻ നോക്കാറുള്ളൂ.
പിടച്ചിൽ എന്റെ മുഖത്തുരസുന്ന
മിനുസകോമളമായ ആ പ്രതിഷേധം,
അവസാനമിടിപ്പ് വരെയും
വഴങ്ങാത്ത മനസ്സ്.